## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5808 — 28.03.2018-ൽ മറുപടിയ്ക്ക്

### വാഴൂർ ഗവണ്മെന്റ് പ്രസ്സിന്റെ അപ്രോച്ച് റോഡ് തുറന്നു കൊടുക്കുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ഡോ.എൻ. ജയരാജ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | വാഴൂർ ഗവണ്മെന്റ് പ്രസ്സിന്റെ കോട്ടയം കമളി റോഡിലേക്ക് ഇറങ്ങുന്ന പ്രധാന ഗേറ്റിലേക്കുള്ള അപ്രോച്ച് റോഡ് പണിയുന്നതിന് എം.എൽ.എ. ആസ്തി വികസന ഫണ്ട് അനുവദിച്ച് ഉത്തരവായിരുന്നോ; പ്രസ്തുത പണി പൂർത്തിയാക്കിയിട്ടുണ്ടോ; നിലവിൽ ഇത് തുറന്ന് കൊടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | വാഴൂർ ഗവണ്മെന്റ് പ്രസ്സിന്റെ കോട്ടയം കമളി റോഡിലേക്ക് ഇറങ്ങുന്ന പ്രധാന ഗേറ്റിലേക്കുള്ള അപ്രോച്ച് റോഡ് പണിയുന്നതിന് എം.എൽ.എ. ആസ്തി വികസന ഫണ്ട് അനുവദിക്കുകയും പ്രസ്തുത പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിൽ ഇത് തുറന്ന് കൊടുത്തിട്ടില്ല. |
| (ബി) | പ്രസ്തുത അപ്രോച്ച് റോഡ് പ്രസ്സിന് ആവശ്യമില്ലായെന്ന് വകുപ്പ് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് മുൻപ് എന്തുകൊണ്ട് ഇത് സംബന്ധിച്ച അറിയിപ്പ് ബന്ധപ്പെട്ട അധികാരികൾക്ക് നല്കിയില്ലായെന്ന് വ്യക്തമാക്കാമോ; | (ബി& സി) | ഇല്ല, പ്രസ്തുത പാത തുറന്നു കൊടുക്കുന്നതിനുള്ള നടപടി വകുപ്പ് അടിയന്തിരമായി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത അപ്രോച്ച് റോഡ് ആവശ്യമെങ്കിൽ അത് തുറന്ന് കൊടുക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; പൊതുഖജനാവിലെ പണം ഉപയോഗിച്ച് നിർമ്മിച്ച റോഡ് ഉപയോഗിക്കാതെ ഇട്ടിരിക്കുന്നത് ഗൗരവമായി കാണുമോ; അടിയന്തരമായി പ്രസ്തുത പാത തുറന്നു കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ